(ബി) ഇതിന്റെ നിർമ്മാണത്തിന് കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പാതയുടെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ—സി) പ്രസ്തുത പ്രവർത്തി തുറമുഖ യോജിപ്പിക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതും കേന്ദ്ര ഗവൺമെന്റ് ഏജൻസിയായ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ കീഴിൽ വരുന്നതും ആകുന്നു.

കരുനാഗപ്പള്ളി ഓച്ചിറ-ആയിരംതെങ്ങ് റോഡ്

47 [3219] ശ്രീ. എ. എൻ. രാജൻബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കരുനാഗപ്പള്ളിയിലെ ഓച്ചിറ-ആയിരംതെങ്ങ് റോഡിന്റെ (ചെയിനേജ് 0/00 മുതൽ 2/00 വരെയും 4/00 മുതൽ 4/995 വരെയും) പുനർനിർമ്മാണത്തിന് എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡിന് ഭരണാനുമതി നൽകിയിട്ടില്ലെങ്കിൽ അതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) ഈ റോഡിന്റെ നിർമ്മാണത്തിന് ഭരണാനുമതി നൽകാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

(ഡി) ഭരണാനുമതി നൽകിയെങ്കിൽ നിർമ്മാണം ഏത് ഘട്ടംവരെ എത്തി എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

(ബി) റോഡിന്റെ ശോച്യാവസ്ഥ, ഫണ്ടിന്റെ ലഭ്യത ഇവയ്ക്കനുസൃതമായി ബഡ്ജറ്റിൽപ്പെടുത്തി മുൻഗണനാ ക്രമമനുസരിച്ചാണ് ഭരണാനുമതി നൽകുന്നത്.

(സി ആന്റ് ഡി) 2004-2005 വർഷം ഭരണാനുമതി നൽകുമ്പോൾ ഇത് പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly